# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2267– 12/02/2020 - ലെ മറുപടിക്ക്

## റീ ബിൽഡ് കേരള പദ്ധതി

ചോദ്യം | ഉത്തരം
---|---
ശ്രീ.കെ.സി.ജോസഫ് | ഡോ. ടി. എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ ഏതെല്ലാം പ്രവൃത്തികളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | റീ ബിൽഡ് കേരള പദ്ധതിയിൽ ജില്ല അടിസ്ഥാനത്തിലല്ല മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്. |
| (ബി) | ഇതിന്റെ നടപടികൾ ഏതു ഘട്ടത്തിലാണ്; | ഇത്തരത്തിൽ റീ ബിൽഡ് കേരളയുടെ കീഴിൽ പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ഫിഷറീസ് വകുപ്പ്, ഗതാഗത വകുപ്പ്, ജലവിഭവ വകുപ്പ്, പരിസ്ഥിതി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, റവന്യൂ വകുപ്പ്, വിവര സാങ്കേതിക വകുപ്പ് തുടങ്ങിയ വകുപ്പുകളുടേതായി 1865 കോടി രൂപ ചെലവ് വരുന്ന വിവിധ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 827 |

| | | |
|---|---|---|
| | | കോടിയോളം രൂപ ചെലവുവരുന്ന വിവിധ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | ഇരിട്ടി-ഉളിക്കൽ-മാട്ടറ-അമർകാലാങ്കി റോഡ് റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള നിർദ്ദേശം പരിഗണിക്കുമോ? | നിലവിൽ ഭരണാനുമതി ലഭിച്ച റോഡുകളുടെ പദ്ധതിയിൽ ഇരിട്ടി-ഉളിക്കൽ-മാട്ടറ-അമർകാലാങ്കി റോഡ് ഉൾപ്പെട്ടിട്ടില്ല. റീ ബിൽഡ് കേരള പദ്ധതിയിൽ പ്രസ്തുത റോഡ് നിലവിൽ പരിഗണനയിൽ ഇല്ല. പ്രളയത്തിൽ തകർന്ന റോഡുകളിൽ റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടാത്ത തദ്ദേശസ്വയം ഭരണ റോഡുകളുടെ പുനരുദ്ധാരണത്തിനായി 961.24 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിച്ചു കൊണ്ട് 09/01/2020 ലെ സ.ഉ (കൈ) നം.13/2020/ത.സ്വ.ഭ.വ പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ